**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **12-09-2023 - ൽ മറുപടിയ്ക്ക്**

**ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് സൈറ്റ് ഡെവലപ്മെന്റ്, നാച്ചുറൽ ടർഫിലുള്ള ഫുട്ബോൾ ഗ്രൗണ്ട്, ടോയ്‌ലെറ്റ് ബ്ലോക്ക്, സംപ് & പമ്പ് റൂം, സെപ്റ്റിക് ടാങ്ക്, ജലവിതരണം, പോപ്പ് അപ്പ് സ്പ്രിങ്കിളർ സിസ്റ്റം, 8 ലെയ്ൻ അത്‌ലറ്റിക് ട്രാക്ക്, കിണർ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ്. പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം 17,14,60,757/- രൂപയ്ക്കാണ് പദ്ധതിയുടെ നടത്തിപ്പിനായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടിയുടെ ഭാഗമായി അനുബന്ധ രേഖകൾ ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിലേക്കായി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ പദ്ധതി പ്രദേശത്തിന്റെ 'തരം' മാറ്റുന്നതിനായുള്ള നടപടികൾ നടന്നു വരുന്നതായാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചാലും നിലവിലെ സാഹചര്യത്തിൽ സൈറ്റ് കരാറുകാരന് കൈമാറി നൽകുവാൻ സാധിക്കുകയില്ല. ആയതിനാൽ ഭൂമി തരം മാറ്റൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി പ്രവൃത്തിയുടെ ടെണ്ടർ, ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടിയുടെ ഭാഗമായി അനുബന്ധ രേഖകൾ ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിലേക്കായി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ പദ്ധതി പ്രദേശത്തിന്റെ 'തരം' മാറ്റുന്നതിനായുള്ള നടപടികൾ നടന്നു വരുന്നതായാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചാലും നിലവിലെ സാഹചര്യത്തിൽ സൈറ്റ് കരാറുകാരന് കൈമാറി നൽകുവാൻ സാധിക്കുകയില്ല. ആയതിനാൽ ഭൂമി തരം മാറ്റൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി പ്രവൃത്തിയുടെ ടെണ്ടർ, ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (ഡി) | നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഭൂമിയുടെ തരം മാറ്റൽ പ്രക്രിയ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനുവേണ്ട തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ